# കേരളീയം 12 വർഷങ്ങൾ

## വായനക്കാരുടേയും സുഹൃത്തുക്കളുടേയും മുന്നിൽ

1998 നവംബറിൽ തൃശൂരിൽ നിന്ന് പ്രസിദ്ധീകരണം ആരംഭിച്ച 'ജാഗ്രതയുടെ കേരളീയം' 160 ലക്കങ്ങളും പന്ത്രണ്ട് വർഷവും പിന്നിടാൻ പോകുന്നു. വികസനത്തിന്റെയും വൈവിധ്യവൽക്കരണത്തിന്റെയും പാതയിലും വെല്ലുവിളിയിലുമാണ് നാമിപ്പോൾ. വായനക്കാരുടെയും അഭ്യുദയകാംക്ഷികളുടെയും പ്രവർത്തകരുടെയും യോജിപ്പും വിയോജിപ്പും സ്വപ്നങ്ങളും (ഇപ്പോഴുള്ള കേരളീയത്തിനോടും) വളരെ പ്രധാനപ്പെട്ടതാണ്. പ്രതിസന്ധികളിലൂടെയുള്ള ഈ ജീവിതയാത്രയിൽ പന്ത്രണ്ടാം വർഷം വിപുലമായ തോതിൽ നടക്കുന്ന ആലോചനകളിൽ നിങ്ങൾ അഭിപ്രായങ്ങൾ പ്രകടിപ്പിക്കണം. ജനകീയ പ്രതിരോധത്തിന്റെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും മനുഷ്യപക്ഷ പ്രവർത്തനങ്ങളുടെയും ലോലമെങ്കിലും ശ്രദ്ധേയമായ മാധ്യമ ഇടപെടലായി, ശ്രമമായി കേരളീയം തുടരേണ്ടതുണ്ടെന്നും വളരേണ്ടതുണ്ടെന്നും താങ്കൾ കരുതുന്നുവെങ്കിൽ സഹകരണം ഉറപ്പുവരുത്തണമെന്ന് അപേക്ഷിക്കുന്നു. വാർഷിക ആഘോഷത്തിനും തുടർപരിപാടികൾക്കുമായി വിപുലമായ നടത്തിപ്പ്, പരിപാടി, വിവേസമാഹരണ കൂട്ടായ്മകൾ ഉണ്ടാവേണ്ടതുണ്ട്. നമ്മുടേതു പോലുള്ള ഒരു പ്രസിദ്ധീകരണത്തിന് സന്നദ്ധ പ്രവർത്തനമാണ് അടിസ്ഥാനാവശ്യമെന്ന് തിരിച്ചറിഞ്ഞ് സ്വയം മുന്നിട്ടിറങ്ങുമെന്ന പ്രതീക്ഷയോടെ,

**കേരളീയം കൂട്ടായ്മ**

ഈ ലക്കത്തിലെ
## വാർത്ത

# സൈലന്റ്‌വാലി കരുതൽ മേഖലയിൽ കുപ്പിവെള്ളക്കമ്പനി തുറക്കുന്നു

സൈലന്റ് വാലി കരുതൽ മേഖലയിൽ നിയമങ്ങൾ മറികടന്ന് സ്വകാര്യ കുപ്പിവെള്ളക്കമ്പനി തുറക്കുന്നു. കരുതൽമേഖലയിൽ ഇത്തരമൊരു കമ്പനിക്ക് അനുമതി നിൽകിയതിനെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒറ്റപ്പാലം ആർ.ഡി.ഒ.യോട് കളക്ടർ കെ.വി.മോഹൻകുമാർ ആവശ്യപ്പെട്ടു. വിവാദസ്ഥലം കളക്ടർ സന്ദർശിക്കുകയും ചെയ്തു.

സൈലന്റ് വാലിയിലെ പ്രധാനനദിയായ ഭവാനിപ്പുഴയുടെ അരുവികളിലൊന്നായ കരുവാരത്തോടിന്റെ കരയിലാണ് കുപ്പിവെള്ള നിർമാണക്കമ്പനിയുടെ കെട്ടിടം വരുന്നത്. അധികം വൈകാതെ ഇവിടെ നിന്നും കുപ്പിവെള്ളനിർമാണം ആരംഭിക്കും. ഇതോടെ തോട്ടിലെ വെള്ളവും കിണറുകളിലെ കുടിവെള്ളവും വറ്റുമെന്ന ഭീതിയിലാണ് പരിസരവാസികൾ.

അഗളിപഞ്ചായത്തിൽ കള്ളമലവില്ലേജിൽ മുക്കാലി - സൈലന്റ് വാലി റോഡിലെ താന്നിച്ചോട്ടിലാണ് കമ്പനി സ്ഥലമെടുത്തിരിക്കുന്നത്. തൊട്ടുപിന്നിലുള്ള കരുവാരത്തോട്ടിൽനിന്നും വെറും 40 മീറ്റർ അകലെയായാണ് കമ്പനി കിണർ കുഴിച്ചിരിക്കുന്നത്. തോട്ടിനപ്പുറത്ത് ആദിവാസികളുടെ കോളനിയാണ്. കരുവാരത്തോട്ടിൽനിന്ന് കുഴലിട്ട് വെള്ളമെടുത്താണ് കെട്ടിടത്തിന്റെ നിർമാണപ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ഇതിനെതിരെ വനംവകുപ്പ് ഉദ്യോഗസ്ഥർ കമ്പനിക്ക് നോട്ടീസ്നല്കിയിരുന്നു. മിനറൽവാട്ടർ നിർമാണത്തിനായി രണ്ട് ചെറിയകിണറുകൾമാത്രമാണ് കുഴിച്ചിട്ടുള്ളത്. ഇവയിൽനിന്ന് പ്രതിദിനം ഇരുപതിനായിരത്തോളം ലിറ്റർ കുപ്പിവെള്ളം നിറച്ചുവില്ക്കാനാണ് നീക്കം.

15 വർഷംമുമ്പ് ഇതേസ്ഥലത്ത് പ്രവർത്തക്കുകയും എതിർപ്പുകളും കേസും കാരണം പൂട്ടിപ്പോവുകയും ചെയ്ത കമ്പനിയാണ് പുതിയ സംജികരണങ്ങളോടെ വീണ്ടും തുറന്നുപ്രവർത്തിക്കാനൊരുങ്ങുന്നത്. സൈലന്റ് വാലി ദേശീയോദ്യാനപാർക്കിന്റെ പരിരക്ഷണകവചമായി കണക്കാക്കപ്പെടുന്ന കരുതൽമേഖലയിൽ(ബഫർസോൺ) ആനവായ് ഫോറസ്റ്റ് സ്റ്റേഷന്റെ മൂക്കിനുതാഴെയാണ് കമ്പനി ഉയരുന്നത് വനംവകുപ്പ് കണ്ടില്ലെന്ന് നടിക്കുകയാണെന്ന് പരിസ്ഥിതി പ്രവർത്തകർ പരാതിപ്പെടുന്നു. ഇവിടെത്തന്നെ പ്ലാസ്റ്റിക്ബോട്ടിലുകൾ ഉണ്ടാക്കുന്ന പ്ലാന്റു കൂടിയുണ്ടായിട്ടും രാസവസ്തുക്കളും പ്ലാസ്റ്റിക്ഷണങ്ങളും ഉൾപ്പെടെയുള്ള മാലിന്യം സംസ്കരിക്കാനുള്ള സൗകര്യം കമ്പനി ഒരുക്കിയിട്ടില്ല.


**ജനകീയ സമരപുസ്തകം**

നീതിക്കും ജീവനും വേണ്ടി വിവിധ മേഘലകളിലും പ്രദേശങ്ങളിലും അനേക സമരങ്ങൾ നിരന്തരം നടക്കുന്നു. ഇവയെല്ലാം സമാഹരിച്ച് പുസ്തകമാക്കുന്നു. നിങ്ങളുടെ സമരത്തെക്കുറിച്ച് വിവരങ്ങൾ കൈമാറുക.

**കേരളീയം, തൃശൂർ-21**

**ജോലിക്കാരെ ആവശ്യമുണ്ട്**

**കേരളീയം ജീവനക്കാരെ തേടുന്നു**

1. റിപ്പോർട്ടർ
2. സബ് എഡിറ്റർ
3. ഓഫീസ് അസിസ്റ്റന്റ്
4. മാർക്കറ്റിങ്ങ് മാനേജർ, എക്സിക്യൂട്ടീവ്
5. സർക്കുലേഷൻ മാനേജർ, എക്സിക്യൂട്ടീവ്

**ആകർഷകമായ ശമ്പളം**

കേരളീയം, കൊക്കാലെ, തൃശൂർ-21.
**ഫോൺ : 9446576943.**